**ഭരണഭാഷ-മാതൃഭാഷ**

നമ്പർ എച്ച്2/11606/2019/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി 26-03-2019

പ്രേഷിതാവ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

സ്വീകർത്താവ്

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാക്കും
എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

സർ,

വിഷയം : പൊതുവിദ്യാഭ്യാസം - എയ്ഡഡ് - 2006-07 മുതൽ 28-01-2016 വരെ അധിക തസ്തികകളിൽ നടത്തിയ നിയമനങ്ങൾക്ക് തത്തുല്യ എണ്ണം സംരക്ഷിതാധ്യാപകരെ നിയമിക്കൽ - സ്പഷ്ടീകരണം നൽകുന്നത് സംബന്ധിച്ച്

സൂചന : 1) 11-09-2018 ലെ സർക്കുലർ നമ്പർ 100/ജെ2/2017/പൊ.വി.വ
2) 25-03-2019 ലെ സർക്കാർ കത്ത് നമ്പർ ജെ2/23/2019/പൊ.വി.വ

സൂചന (1) ലെ സർക്കുലറിന്റെ പ്രാബല്യത്തീയതി സംബന്ധിച്ച് വിദ്യാഭ്യാസ ഓഫീസർമാർ ചില സംശയങ്ങൾ ഉന്നയിച്ചിരുന്നു. ഈ സർക്കുലറിൽ പ്രാബല്യത്തീയതി ഏതാണെന്നു സൂചിപ്പിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത സർക്കുലറിന്റെ പ്രാബല്യത്തീയതി സർക്കുലർ തീയതിയായ 11-09-2018 ആയിരിക്കുമെന്ന് സൂചന (2) ലെ കത്ത് വഴി സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ സൂചന (1) ലെ സർക്കുലറിൽ നിഷ്കർഷിക്കുന്ന, 2006-07 മുതൽ 28-01-2016 വരെയുള്ള അധിക തസ്തികകളിലെ നിയമനങ്ങൾക്ക് തത്തുല്യമായ എണ്ണം സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടത് 11-09-2018 മുതൽ ഉണ്ടാകുന്ന ഒഴിവുകളിലാണ് എന്ന വിവരം പ്രത്യേകം ശ്രദ്ധിക്കണമെന്നറിയിക്കുന്നു.

ഈ വിഷയത്തിൽ ഇതിനകം നിരസിക്കപ്പെട്ടിട്ടുള്ള നിയമനാംഗീകാര പ്രൊപ്പോസലുകൾ ഈ കത്തിന്റെ അടിസ്ഥാനത്തിൽ അപ്പലേറ്റ് ഉത്തരവ് കൂടാതെ തന്നെ പുനഃപരിഗണിക്കേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ

ജെസ്സി ജോസഫ്
പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഇൻ-ചാർജ്)

പകർപ്പ് :

എക്സിക്യൂട്ടീവ് ഡയറക്ടർ & വൈസ് ചെയർമാൻ, കൈറ്റ്, പൂജപ്പുര, തിരുവനന്തപുരം
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)